(സി) ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന് 65 ഏക്കറോളം സ്ഥലം ഉണ്ട്.

(ഡി) ആന്റ് (ഇ) ഇക്കാര്യം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിൽ ആയതിനാൽ മതിപ്പുവില നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

ടെൽക്കിന്റെ ഓഹരികൾ സീമെൻസിന് വിൽക്കാനുള്ള നീക്കം പുനഃപരിശോധിക്കാൻ നടപടി

12 [2049] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെൽക്കിന്റെ ഓഹരികൾ സീമെൻസിന് വിൽക്കാനുള്ള നീക്കം പുനഃപരിശോധിക്കാൻ ഉദ്ദേശം ഉണ്ടോ ;

(ബി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) ടെൽക്കിനെ എസ്.ബി. റ്റി. യുടെ സഹായത്തോടെ സ്വകാര്യ വൽക്കരിക്കാൻ ബി.ഐ.എഫ്.ആർ. നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ കമ്പനിയും സർക്കാരും ഡൽഹി ഹൈക്കോടതിയിൽ നിന്ന് സ്റ്റേ സമ്പാദിച്ചു. എന്നാൽ ടെൽക്കിന് മെച്ചപ്പെട്ട സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് വേണ്ടി ഡൽഹി ഹൈക്കോടതി അനുവദിച്ച സമയപരിധി കണക്കിലെടുത്ത് ഒരു ലോകോത്തര സാങ്കേതിക പങ്കാളിയെ കണ്ടെത്തുന്നതിനായി നൽകിയ പരസ്യമനുസരിച്ച് സീമെൻസ് ഇന്ത്യ ലിമിറ്റഡ്, ടെൽക്കിൽ താൽപര്യം പ്രകടിപ്പിച്ചു. എന്നാൽ സീമെൻസിന്റെ വ്യവസ്ഥകൾ സർക്കാരിന് സ്വീകാര്യമായിട്ടില്ല.

ചവറ കെ.എം.എം.എൽ.-ന്റെ വികസനം

13 [2050] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ കെ.എം.എം.എൽ.-ൽ എത്ര കോടി രൂപയുടെ വികസനമാണ് നടപ്പിലാക്കുവാൻ പോകുന്നത് ; ഇതിൽ എന്തൊക്കെ പ്രോജക്ടുകൾ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പ്രോജക്ടുകൾ ടെണ്ടർ വിളിച്ചു; എത്ര കരാർ ഉറപ്പിച്ചു ; കരാർ ഉറപ്പിക്കുവാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടും ;

(ഡി) പുതിയ തൊഴിലവസരങ്ങളിൽ കെ.എം.എം.എൽ.-ലെ രണ്ടു യൂണിറ്റുകളിലെയും കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ കഴിയുമോ ; ഈ തൊഴിലാളികളുടെ യോഗ്യത അനുസരിച്ച് തൊഴിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly